# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.733** **15/07/2014 ൽ മറുപടിക്ക്**

## വിജിലൻസ് കേസുകളിലെ കാര്യക്ഷമത

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജോസഫ് വാഴക്കൻ :**<br>**ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ :**<br>**ശ്രീ.ബെന്നി ബെഹനാൻ:**<br>**ശ്രീ.കെ.അച്ചുതൻ:** | **ശ്രീ.രമേശ് ചെന്നിത്തല**<br>**(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)** |
| (എ) വിജിലൻസ് കേസ്സുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ ;<br><br>(ബി) ഇതിനായി നിയമഭേദഗതി വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (എ) യും (ബി) യും വിജിലൻസ് കേസുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി അന്വേഷണ ഉദ്യോഗസ്ഥൻമാർക്ക് സമയ പരിധി നിശ്ചയിച്ച് നൽകുകയും കേസുകളുടെ പുരോഗതി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പോലീസ് സൂപ്രണ്ടുമാരും മറ്റ് മേൽ ഉദ്യോഗസ്ഥന്മാരുമായും അവലോകനം നടത്തിവരുകയും ചെയ്യുന്നു. അതിന്റെ ഭാഗമായി പഴയ കേസുകളുടെ അന്വേഷണം ധ്രുതഗതിയിൽ പൂർത്തീകരിച്ച് വരുന്നുണ്ട്. കേസുകളുടെ അന്വേഷണം വേഗത്തിൽ പൂർത്തീകരിക്കുന്നതിനായി കേസ് അന്വേഷിക്കുന്ന ഉദ്യോഗസ്ഥർക്ക് അതിനാവശ്യമായ സംവിധാനങ്ങൾ നൽകുന്നതിനായുള്ള നടപടികളും സ്വീകരിച്ച് വരുന്നുണ്ട്. ഈ സാഹചര്യത്തിൽ നിയമഭേദഗതി വരുത്തുന്ന കാര്യം പരിഗണനയിലില്ല. |
| (സി) കേസ്സുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ പുതിയ വിജിലൻസ് കോടതികളും ഹൈക്കോടതിയിൽ സ്പെഷ്യൽ ബഞ്ച് എന്നിവയും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ;<br><br>(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (സി) യും (ഡി) യും വിജിലൻസ് കോടതികളിൽ ഓരോവർഷവും തീർപ്പാക്കാൻ കഴിയുന്ന കേസുകളുടെ എണ്ണം പരിമിതമാണെന്ന വസ്തുത കണക്കിലെടുത്തു കൊണ്ട് 2 പുതിയ വിജിലൻസ് കോടതികൾ കൂടി അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. വിജിലൻസ് കേസുകൾ മാത്രം കൈകാര്യം ചെയ്യാനായി ഹൈക്കോടതിയിൽ ഗവൺമെന്റ് പ്ളീഡർമാരെ നിയമിക്കുന്നത് സംബന്ധിച്ച വിഷയവും പരിഗണനയിലാണ്. കൂടാതെ ഹൈക്കോടതി മുൻപാകെ വരുന്ന വിജിലൻസുമായി ബന്ധപ്പെട്ട അപ്പീൽ കേസുകളിൽ താമസംവിനാ തീർപ്പുകല്പിക്കുന്നതിനായി ഒരു പ്രത്യേക ബഞ്ച് രൂപീകരിക്കുന്നതിനുള്ള ചർച്ചകളും അഡ്വക്കേറ്റ് ജനറലുമായി നടത്തിവരുന്നു. |

**സെക്ഷൻ ഓഫീസർ**